## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5979** — **09-07-2024 - ൽ മറുപടിയ്ക്ക്**

## മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുനിരത്തിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും, ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നടപടി എന്നും അറിയിക്കാമോ ; | (എ) | **2024 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി നിയമം സെക്ഷൻ 219 എൻ. 2024 ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 340 എന്നിവ പ്രകാരം മാലിന്യം ഇടുന്നതിനു വേണ്ടി ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ചു മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ടി വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് തദ്ദേശ സ്വയം ഭരണ സെക്രട്ടറിക്കോ, സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.** |
| (ബി) | കെട്ടിടങ്ങൾക്കും, സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ തന്നെ ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്ന തരത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിലവിലെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ ? | (ബി) | 2024 ലെ കേരള പഞ്ചായത്ത് ഭേദഗതി നിയമം സെക്ഷൻ "219 ഐ, 2024 ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി നിയമം സെക്ഷൻ 335 എന്നിവ പ്രകാരം ഓരോ കടയുടെയും വാണിജ്യ സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും അതിന്റെ പരിസരത്ത് മാലിന്യം വലിച്ചെറിയുകയോ തള്ളുകയോ കത്തിക്കുകയോ ചെയ്യാതിരിക്കുകയും അല്ലെങ്കിൽ അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ മാലിന്യം തള്ളാനോ അല്ലെങ്കിൽ കത്തിക്കാനോ ഉപഭോക്താക്കളെ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടത് ഉടമയുടെയും കൈവശക്കാരന്റെയും ഉത്തരവാദിത്വമായിരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ടി വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് തദ്ദേശ സ്വയം ഭരണ സെക്രട്ടറിക്കോ, സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണ്.<br><br>14-02-2024തിയതിയിലെ സ.ഉ(കൈ)നം 21/ 2024/LSGD പ്രകാരം പഞ്ചായത്തുകൾ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, സേവനങ്ങൾക്കു ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.<br><br>14-02-2024 തിയതിയിലെ സ.ഉ(കൈ)നം 22/2024/LSGD പ്രകാരം കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, എന്നിവ വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കു ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കെട്ടിടങ്ങൾക്കും, സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ തന്നെ ഉറവിട മാലിന്യ സംസ്കരണം നിർബന്ധിതമാക്കുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ